# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5003**. **28-10-2016 ൽ മറുപടിയ്ക്ക്**

## കാലടി പാഡി പാർക്ക്

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പാഡി പാർക്ക് എറണാകുളം ജില്ലയിലെ കാലടിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) & (ബി) | ജില്ലാ കൃഷി ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ അഗ്രോപാർക്കുകൾക്ക് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പാർക്ക് എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ